# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 6748

12.07.2012-ൽ മറുപടിക്ക്.

### പ്രകൃതിവാതക വിതരണത്തിനായി പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഗെയിൽ ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി വാതക വിതരണത്തിനായി സംസ്ഥാനത്ത് സ്ഥാപിക്കുന്ന വാതക പൈപ്പ് ലൈനിനെ സംബന്ധിച്ച് പൊതു ജനങ്ങൾക്കിടയിൽ സംശയങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സുരക്ഷയെപ്പറ്റിയും വീടുകൾ പൊളിച്ചു മാറ്റുമെന്നും ഭൂമി കൃഷി യോഗ്യമല്ലാതായിത്തീരുമെന്നും, ക്രയവിക്രയത്തിന് തടസ്സം നേരിടുമെന്നും, നഷ്ടപരിഹാര തുക സംബന്ധിച്ചും ഉള്ള ആശങ്കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് ദൂരീകരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ആശങ്കകൾ ദൂരികരിക്കുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>(1) 1962 ലെ പെട്രോളിയം ധാതു പൈപ്പ്ലൈൻ ആക്ട് പ്രകാരം ബന്ധപ്പെട്ട ഭൂവുടമകൾക്ക് നോട്ടീസ് നൽകി പരാതി സ്വീകരിച്ച് Hearing നടത്തുന്നുണ്ട്.<br>(2) ജില്ലാ കളക്ടട്രേറ്റ്, പഞ്ചായത്ത് ഓഫീസ്, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ ഗസറ്റ് നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്.<br>(3) ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും ബോധവൽക്കരണം ആസൂത്രണം ചെയ്തിട്ടുണ്ട്.<br>(4) ബഹു. എം.പിമാർ, എം.എൽ.എ മാർ, പഞ്ചായത്ത് പ്രതിനിധികൾ എന്നിവരെ ഉൾക്കൊളളിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഈ സമ്മേളനങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനായി വീടുകൾ പൊളിക്കുകയില്ല എന്നും ഭൂമിയുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും |

| | |
|---|---|
| | ഭൂവുടമക്കുതന്നെയാണെന്നും കൃഷി ചെയ്യുന്നതിനോ ക്രയവിക്രയം ചെയ്യുന്നതിനോ യാതൊരു വിധ തടസ്സവുമില്ലെന്നും വ്യക്തമാക്കുന്നുണ്ട്. നഷ്ടപരിഹാരം സംബന്ധിച്ച് കോമ്പിറ്റന്റ് അതോറിറ്റി നിർണ്ണയിക്കുന്ന തുക നൽകുന്നതാണ്. |
| (സി) പദ്ധതിയുടെ നേട്ടങ്ങളും ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങളെയും സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (സി)പദ്ധതിയുടെ നേട്ടങ്ങളും ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങളും സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) ഇതിനായി വാതകപൈപ്പ് ലൈൻ കടന്നു പോകുന്ന ജില്ലകളിലെ കളക്ടർമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് തലത്തിൽ യോഗങ്ങൾ വിളിച്ച് കൂട്ടുമോ? | (ഡി) ബന്ധപ്പെട്ട സ്ഥലങ്ങളിലെ ബഹു. എം.പി.മാരും, ബഹു.എം.എൽ.എ. മാരും ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടേയും ജില്ലാ കളക്ടർമാരുടെയും സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിലും പഞ്ചായത്തു തലത്തിലും ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ പത്രമാദ്ധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണവും നടത്തിക്കൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**